# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തെങ്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.9-1515/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 06/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെങ്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.9-1515/2022 തീയ്യതി: 06/07/2022

## പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-12-2020 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശശിഭൂഷൺ. ഇ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2022 | 20-06-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റോബർട്ട് കെ.ജി, ഓഡിറ്റ് ഓഫീസർ
ഉഷാകുമാരി വി.ടി, അസി.ഓഡിറ്റ് ഓഫീസർ
ജിജീഷ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സാവിത്രി.കെ | പ്രസിഡന്റ് | 01-04-2020 | 07-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 07-11-2020 | 30-12-2020 |
| ശ്രീ.ഷൌക്കത്തലി.എ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.ഗിരിപ്രസാദ് | സെക്രട്ടറി | 01-04-2020 | 16-08-2020 |
| ഉണ്ണിക്ക്യഷ്ണൻ.കെ.പി | സെക്രട്ടറി | 17-08-2020 | 02-09-2020 |
| | | 07-10-2020 | 21-10-2020 |
| | | 20-11-2020 | 26-01-2021 |
| | | 03-02-2021 | 28-02-2021 |
| ശ്രീ.ഷെറഫുദ്ദീൻ.ഐ | സെക്രട്ടറി | 03-09-2020 | 06-10-2020 |
| | | 22-10-2020 | 19-11-2020 |
| | | 27-01-2021 | 28-02-2021 |
| ശ്രീ.സുരേഷ് പി | സെക്രട്ടറി | 01-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റാബിൻനവാസ് എ | കൃഷി ഓഫീസർ | 01-04-2020 | 05-06-2020 |
| ശ്രീ.മനോജ് ജോസഫ് | കൃഷി ഓഫീസർ | 06-06-2020 | 05-10-2020 |
| ശ്രീമതി.ദീപ്തി മോണിക്ക | കൃഷി ഓഫീസർ | 06-10-2020 | 31-03-2021 |
| ഡോ.അനിഷ കെ എ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.മനോജ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 02-02-2021 |
| ഡോ.ആഷ. എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 02-02-2021 | 22-02-2021 |
| ഡോ.ആനി അലക്സ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 22-02-2021 | 31-03-2021 |
| ശ്രീമതി.ശ്രീദേവി കെ.എം | എച്ച് എം | 01-04-2020 | 31-03-2021 |
| ശ്രീ.ജയകുമാർ ആർ.ജി | ഡി.എഫ്.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിജയലക്ഷ്മി | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2020 | 19-11-2020 |
| ശ്രീമതി.ലതാകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-11-2020 | 31-03-2021 |
| ഡോ.ജയകുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീ.റഷീദ് ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 08-12-2020 |
| ശ്രീമതി.ചാരുകൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനീയർ | 09-12-2020 | 18-01-2021 |
| ശ്രീമതി.അലീന പേൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-01-2021 | 31-03-2021 |
| ശ്രീ.അജേഷ് കുമാർ പി.എ | വി.ഇ.ഒ | 01-04-2020 | 18-02-2021 |
| ശ്രീമതി.മല്ലിക | വി.ഇ.ഒ | 18-02-2021 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (ACR പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. | 1-11 |
| 13 | ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കിയിട്ടില്ല | 1-12-1 |
| 14 | മൂലധന നിക്ഷേപം ഉറപ്പ് വരുത്തുന്നില്ല. | 1-12-2 |
| 15 | പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല | 1-12-3 |
| 16 | ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-12 |
| 17 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-13 |
| 18 | വസ്തുനികുതി- 15,89,892/- രൂപ കുടിശ്ശിക | 1-14-1 |
| 19 | ബിഎസ് എൻ എൽ മൊബൈൽ ടവർ- വസ്തുനികുതി ഇനത്തിൽ 1,19,070/- രൂപ കുടിശ്ശിക | 1-14-2 |
| 20 | വസ്തുനികുതി കുടിശ്ശിക- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-14 |
| 21 | ഉപയോഗക്രമങ്ങളുടെ വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല. | 1-15 |
| 22 | അനധികൃത നിർമ്മാണങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല . | 1-16-1 |
| 23 | അനധികൃത നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലും രജിസ്റ്ററിലും കാലികമാക്കേണ്ടതും യു എ നം അനുവദിച്ച് നിയമാനുസൃത വസ്തു നികുതി ചുമത്തേണ്ടതാണ്. | 1-16-2 |
| 24 | അനധികൃത നിർമ്മാണങ്ങൾ- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |
| 25 | പി.എം.എ വൈ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-17 |
| 26 | 171/21- ലൈഫ് മിഷൻ(പട്ടിക ജാതി) - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ | 1-18-1 |
| 27 | 166/21 ലൈഫ് മിഷൻ-ജനറൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ | 1-18-2 |
| 28 | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-18 |
| 29 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്കുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല. | 1-19 |
| 30 | KURDFC വായ്പ / വായ്പാതിരിച്ചടവ് വിവരങ്ങൾ കൃത്യമാക്കണം. | 1-20 |
| 31 | തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-21 |
| 32 | ക്ഷീര വികസന പദ്ധതി -ഒരു വിഭാഗം കർഷകർക്ക് സബ്സിഡി അവസരം ലഭ്യമാകുന്നില്ല. | 1-22 |
| 33 | രേഖകൾ ഹാജരാക്കിയില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു. | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജ് | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 24.03.2020 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 20,46,540 |
| തൻവർഷം വരവ് | 17,60,70,500 |
| ആകെ വരവ് | 178117040 |
| ചെലവ് | 17,17,84,173 |
| നീക്കിയിരിപ്പ് | 63,32,867 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1.ജീവനക്കാരുടേയും, ട്രേഡേഴ്സിന്റേയും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റുകൾ വർഷം തിരിച്ച് എഴുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.

3.ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6.ബാങ്ക് റി-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-07-2021 | 31-3-22 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,93,90,378 |
| വരവ് | ₹9,92,27,120 |
| ആകെ | ₹11,86,17,498 |
| ചെലവ് | ₹10,84,36,280 |
| നീക്കിയിരിപ്പ് | ₹1,01,54,468 |

## 1-4 ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 10274971 | 10274971 | 10270212 | 4759 |
| വികസനഫണ്ട് -എസ്.സി.പി | 0 | 5563608 | 5563608 | 3176639 | 2386969 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 952000 | 952000 | 140411 | 811589 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11710000 | 11710000 | 11091987 | 618013 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4890034 | 4890034 | 3778175 | 1111859 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 13006994 | 13006994 | 3059975 | 9947019 |
| സെൻട്രൽ ഫിനാൻസ് | 0 | 6810000 | 6810000 | 810772 | 5999228 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ്-ഒട്ടൈഡ് ഗ്രാന്റ് | | | | | |

സ്രോതസ്സിൽ കുറവു ചെയ്ത (വികസനഫണ്ട് -ജനറൽ : 7197404/ - , എസ്.സി.പി : 190392/ -) എന്നീ തുകകൾ മേൽ പട്ടികയിലെ വരവ് ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല

കേന്ദ്രാവിഷ്കൃതഫണ്ടുകൾ

1. ICDS കേന്ദ്രവിഹിതം

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 374190* | 1031172 | 1406610 | 1057577 | 349033 |

*മുന്നിരിപ്പിനോടൊപ്പം ILGMS PDE മുഖേന 3024 രൂപ പലിശ കൂടി ഉൾപ്പെടുത്തിയത്.

2. തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14203 | 1956688 | 1970891 | 1959488 | 11403 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 66587435 | 66587435 | 66587435 | 0 |
| ആകെ | 14203 | 68544123 | 68558326 | 68546923 | 11403 |

3.സമ്പൂർണ്ണശുചിത്വ ഫണ്ട് (Freedom From Waste)

| മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 23550 | 0 | 23550 | 23550 | 0 |

4.PYKA

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 380000 | 0 | 380000 | 379964 | 36 |

5.RSBY ഫണ്ട്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 10400 | 0 | 10400 | 0 | 10400 |

സംസ്ഥാനാവിഷ്കൃതാവിഷ്കൃത ഫണ്ടുകൾ

1. ശുചിത്വ മിഷൻ ഗ്രാന്റ്-PBIG

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ ഫണ്ട് | 1200000 | 2406423 | 3606423 | 0 | 3606423 |

ശുചിത്വ മിഷൻ ഫണ്ട്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 569500 | 170000 | 739500 | 255000 | 484500 |

2.ലൈഫ് മിഷൻ സംസ്ഥാനവിഹിതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | 0 | 19000000 | 19000000 | 19000000 | 0 |

മറ്റ് ഫണ്ടുകൾ

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വിമുക്തി ഫണ്ട്-(എക്സൈസ് വകുപ്പ്) | 11438 | 011438 | 11438 | 0 | 11438 |
| ST കോർപ്പസ് ഫണ്ട് | 490000 | 0 | 490000 | 0 | 490000 |

| | | | | | |
|---|---|---|---|---|---|
| Head Of A/C-350800299 | 234600 | 0 | 234600 | 0 | 234600 |
| ആയുർവ്വേദ വകുപ്പ് | 45506 | 0 | 45506 | 0 | 45506 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 244 | 140442322 | 181 | 88411689 | 0 | 63 | 74% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 4 | 5898627 | 3605292 | 61 |
| വെറ്ററിനറി സർജ്ജൻ | 8 | 4 | 5543800 | 1164095 | 21 |
| മെഡിക്കൽ ഓഫീ സർ-PHC | 6 | 5 | 1470000 | 935114 | 64 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 3 | 3 | 1900000 | 1893429 | 99.7 |
| വി.ഇ.ഒ | 14 | 9 | 58222530 | 37040580 | 64 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 4228734 | 384631 | 9 |
| സെക്രട്ടറി | 21 | 14 | 21231962 | 11831257 | 56 |
| അസി.സെക്രട്ടറി | 8 | 1 | 1868200 | 146639 | 8 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 165 | 132 | 36627469 | 25950283 | 71 |
| എച്ച്.എം | 3 | 3 | 599000 | 598699 | 99.9 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 2300000 | 1400000 | 61 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 552000 | 0 | 0 |
| ആകെ | 244 | 181 | 140442322 | 88411689 | 63% |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14203 | 1956688 | 1970891 | 1959488 | 11403 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 66587435 | 66587435 | 66587435 | 0 |
| ആകെ | 14203 | 68544123 | 68558326 | 68546923 | 11403 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 4244300 | 287 |
| 3 | വിധവാ പെൻഷൻ | 21333400 | 1377 |
| 4 | വാർദ്ധക്യകാല പെൻഷൻ | 26190800 | 1829 |
| 5 | വികലാംഗ പെൻഷൻ | 5008800 | 333 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹി തരായ വനിതകൾക്കുള്ള പെൻഷൻ | 1009800 | 67 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-6-22 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3,089/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

തെങ്കര ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. 2020-21 സാമ്പത്തിക വർഷത്തിൽ ILGMS നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തിൽ അടിസ്ഥാന സൈകര്യങ്ങളുടെ പരിമിതികൾക്കകത്തു നിന്നുകൊണ്ട് പരമാവധി കാര്യക്ഷമമായി സേവനങ്ങൾ നൽകിയിട്ടുണ്ട്. ILGMS ൽ ലഭ്യമാകുന്ന രേഖകളും തൻ വർഷം പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. ഭാഗമല്ലാത്ത രജിസ്റ്ററുകളും ഫയലുകളും ചിട്ടയായി സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ചുമതലകൾ നിറവേറ്റാവുന്ന വിധം ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. ഫ്രന്റ് ഓഫീസിലെ ജോലി ക്രമീകരണം തൃപ്തികരമാണ്. പദ്ധതി രൂപീകരണ നിർവ്വഹണ പ്രവർത്തനങ്ങളിലും മോണിറ്ററിംഗിലും കൂടുതൽ കാര്യക്ഷമത ഉണ്ടാകേണ്ടതാണ്. ഗ്രാന്റുകൾ സമയബന്ധിതമായി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.4.22 | 31.3.2022 വരെ | 07.5.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.09.18 മുതൽ 25.09.18 വരെ | 2010-11മുതൽ 2017-18വരെ | 02.11.18 |

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് നം.RAR/274/2018/30.4.22. പ്രകാരം ഫെബ്രുവരി 2018 മുതൽ ഏപ്രിൽ 2022 വരെയുള്ള കാലയളവിലെ 19 പരാമർശങ്ങൾ നടപടി സ്വീകരിക്കുന്നതിന് ബാക്കിയുണ്ട്.

അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ തുടരുന്നു.

## 1-11 തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം | കെട്ടിട നം |
|---|---|---|---|---|
| 1 | ഇസാഫ് സ്മാൾ ഫിനാൻസ് | ലഭ്യമല്ല | 1 | - |
| 2 | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റി | ലഭ്യമല്ല | 1 | - |
| 3 | ജയ് ഹിന്ദ് എന്റർപ്രൈസസ് | 13 | 1 | - |
| 4 | വാൻ ഗാർഡ് ലോജിസ്റ്റിക്ക് | 10 | 1&2 | 12/656, 657, 661 |
| 5 | പ്രാണ ആയുർവേദ & സിദ്ധ ഹോസ്പിറ്റൽ | 6 | 1&2 | 11/320 |
| 6 | മറിയൻ ക്ലിനിക്ക് | 3 | 1&2 | - |
| 7 | പഴേരി പെട്രോളിയം | 5 | 1&2 | 9/475 |
| 8 | വെള്ളാരംകുന്ന് ക്ഷീരോത്പാദത സഹകരണ സംഘം | ലഭ്യമല്ല്ല | 1&2 | - |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-2, 16-6-22).

## 1-12-1 ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കിയിട്ടില്ല

ലൈസൻസ് അപേക്ഷകളിലെ നിബന്ധനകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.6/2019/പരി. തിയതി 27-11-2019 പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് 1-1-2020 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അവയുടെ കനം നോക്കാതെ നിരോധിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥയാണ് കാണുന്നത്. കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കേണ്ടതാണ്.

## 1-12-2 മൂലധന നിക്ഷേപം ഉറപ്പ് വരുത്തുന്നില്ല.

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|

| | | |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1,000/- |
| 3 | സ്മാൾ | 5,000/- |
| 4 | മീഡിയം | 10,000/- |
| 5 | ലാർജ് | 15,000/- |

തെങ്കര ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൻ പ്രകാരം ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തി കാണുന്നില്ല. ആയതിനാൽ ലൈസൻസ് ഫീ ഈടാക്കുന്നതിന്റെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**<u>1-12-3 പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല</u>**

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (**നിലവിൽ 1996 ലെ** കേരള പഞ്ചായത്ത് രാജ് **(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ)** പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിൽ നിന്നുള്ള ലൈസെൻസ് ആവശ്യമാണ്. എന്നാൽ തെങ്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതാണ് പ്രവർത്തിക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3, 16-6-22)മറുപടിയായി ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**<u>1-12 ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്.</u>**

തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**<u>1-13 വസ്തു നികുതി കുറവായി നിർണ്ണയിച്ചു</u>**

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.

| ഉടമസ്ഥൻ- ജോസഫ്, പുളിക്കാത്തൊടിയിൽ വീട്, ചങ്ങലീരി | | | |
|---|---|---|---|
| വാർഡ് / കെട്ടിട നം | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 40 രൂപ/ ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 60 രൂപ /ച.മീ |
| 6/1085 | 186.68 | അടിസ്ഥാനനികുതി-186.68*40= 7467.2 | അടിസ്ഥാനനികുതി-186.68*60= 11200.8 |
| | | വർദ്ധനവ്-1493.44(20%) | വർദ്ധനവ്- 2240.16(20%) |
| | | ഇളവ്- 746.72 (10%) | ഇളവ്- 1120.08(10%) |
| | | ആകെ- 8,214 | ആകെ- 12,321 |
| | | ലൈബ്രറി സെസ്-411 | ലൈബ്രറി സെസ്- 616 |
| | | ആകെ-8,625 | ആകെ- 12,937 |
| | | **കുറവ്** | **4,312** |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4, 16-6-22) നികുതി പുനർ നിർണ്ണയിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**<u>1-14-1 വസ്തുനികുതി- 15,89,892/- രൂപ കുടിശ്ശിക</u>**

2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 15,89,892/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. തൻവർഷ വസ്തു നികുതി ഇനത്തിൽ 19,92,742/- വരവ് ലഭിച്ചപ്പോൾ 10,15,151/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| ഗാർഹികം | 6,46,165 | 3,37,473 | 9,83,638 |
| ഗാർഹികേതരം | 3,68,986 | 2,37,268 | 6,06,254 |
| ആകെ | 10,51,151 | 5,74,741 | 15,89,892 |

15,89,892/- രൂപ കുടിശ്ശിക വരാൻ കാരണവും കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശവും അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(5, 16-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14-2 ബിഎസ് എൻ എൽ മൊബൈൽ ടവർ- വസ്തുനികുതി ഇനത്തിൽ 1,19,070/- രൂപ കുടിശ്ശിക

ഗ്രാമപഞ്ചായത്തിൽ 9/568 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന ബി എസ് എൻ എൽ ടവറിന്റെ വസ്തു നികുതി 2013-14 ആദ്യ അർദ്ധവർഷം മുതൽ കുടിശ്ശികയായി നില നിൽക്കുന്നു . 2020-21 വരെ നിലവിൽ 1,19,070/- രൂപ കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുണ്ട്. കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനായി അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5, 16-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പിരിവ് കാര്യക്ഷമമാകേണ്ടതാണ്.

## 1-14 വസ്തുനികുതി കുടിശ്ശിക- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തുവാൻ ലക്ഷ്യമിടുകയും സഞ്ചയ സോഫ്റ്റ് വെയർ, വസ്തു നികുതി രേഖകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ വസ്തു നികുതി കുടിശ്ശികയായി 15,89,892/- രൂപയും ബിഎസ് എൻ എൽ മൊബൈൽ ടവറിന്റെ മാത്രം 1,19,070/- രൂപയും കുടിശ്ശികയായി നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

## 1-15 ഉപയോഗക്രമങ്ങളുടെ വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ (എസ്.ആർ.ഒ നം. 36/2011) പ്രകാരം ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ (എസ്.ആർ.ഒ നമ്പർ 100/2015), 08.09.2020-ലെ സ.ഉ(അ)നം.53/2020/ തസ്വഭവ (എസ്.ആർ.ഒ നമ്പർ 575/2020) എന്നിവ പ്രകാരം ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. തെങ്കര ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| 2 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 3 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6, 16-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**1-16-1 അനധികൃത നിർമ്മാണങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല .**

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച 3 കെട്ടിടങ്ങളും രജിസ്റ്റർ പ്രകാരം മറ്റ് 3 കെട്ടിടങ്ങളും 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104(1) പ്രകാരം ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള പെർമിറ്റ്, അനധികൃത നിർമ്മാണങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അനധികൃത നിർമ്മാണങ്ങളുടെ മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം സർക്കാറിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തിൽ ഈ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

**1-16-2 അനധികൃത നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലും രജിസ്റ്ററിലും കാലികമാക്കേണ്ടതും യു എ നം അനുവദിച്ച് നിയമാനുസൃത വസ്തു നികുതി ചുമത്തേണ്ടതാണ്.**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിടനമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുകയോ നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്യുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമല്ലാതെ ഉപയോഗപ്പെടുത്തിവരുന്ന കെട്ടിടത്തിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം യു.എ നമ്പർ അനുവദിച്ച് കെട്ടിടം ഉപയോഗപ്പെടുത്തിയ/ പൂർത്തിയാക്കിയ(ആദ്യം വരുന്ന) തീയതി മുതൽ വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കേണ്ടതാണ്. പഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ ഉണ്ടെങ്കിലും 3 എണ്ണത്തിന്റെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും ചേർത്തിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള അനധികൃത നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഉള്ള 3 കെട്ടിടങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള 3 അനധികൃത നിർമ്മാണങ്ങൾ സഞ്ചയയിലെ അനധികൃത നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ചേർത്തിട്ടില്ല . മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7, 16-6-22)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ അനധികൃത നിർമ്മാണങ്ങളുടേയും വിവരങ്ങൾ രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും ചേർക്കേണ്ടതും ചട്ടപ്രകാരമുള്ള വസ്തുനികുതി ഈടാക്കേണ്ടതുമാണ് .

**1-16 അനധികൃത നിർമ്മാണങ്ങൾ- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.**

ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളും അതിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളും പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1-17 പി.എം.എ വൈ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.**

| | |
|---|---|
| പ്രൊജക്റ്റ് നം | 164/21 |
| പ്രൊജക്റ്റിന്റെ പേര് | പി.എം.എ വൈ വിഹിതം നൽകൽ |
| അടങ്കൽ | 2,80,000/- (വികസന |

| | |
|---|---|
| | ഫണ്ട്) |
| ചെലവ് | 2,80,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

തെങ്കര ഗ്രാമപഞ്ചായത്തിലെ പിഎംഎവൈ ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം 8-2-21 ന് 2,80,000/- രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-11, 18-6-22)

## 1-18-1 171/21- ലൈഫ് മിഷൻ(പട്ടിക ജാതി) - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ആദ്യ ഗഡു നൽകിയത് | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|---|
| 1 | 277 | നീലി, W/O ചാമി, ഒണക്കപ്പറമ്പിൽ വീട് | 19-6-19 | 3,60,000 | 40,000 |

## 1-18-2 166/21 ലൈഫ് മിഷൻ-ജനറൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ആദ്യ ഗഡു നൽകിയത് | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|---|
| 1. | 24 | തങ്ക, W/O കുട്ടൻ, ചേറുംകുളം | 27-9-18 | 2,00,000 | 2,00,000 |
| 2. | 84 | സലീന, W/O അഷറഫ്, കൂരിക്കൾ വീട് | 25-10-18 | 2,60,000 | 1,40,000 |
| 3. | 85 | സജിത, W/O നൗഷാദ്, വട്ടപ്പറമ്പ് | 25-10-18 | 3,60,000 | 40,000 |
| 4. | 151 | ബുഷറ, W/O മുജീബ്, ആണ്ടിപ്പാടം | 20-12-18 | 3,60,000 | 40,000 |
| 5. | 163 | കമലം W/O രാമൻകുട്ടി, ത്തതേങ്ങലം | 18-1-19 | 40,000 | 3,60,000 |
| 6. | 171 | ചെല്ലമ്മ, W/O ബാലകൃഷ്ണൻ നായർ, മേലാമുറി | 18-1-19 | 2,60,000 | 1,40,000 |
| 7. | 180 | അമ്പിളി, W/O ഉണ്ണിക്കണ്ണൻ, പാലക്കൽ | 20-12-18 | 3,60,000 | 40,000 |
| 8. | 206 | മഞ്ജു.എം, W/O സജു, കൊളയൻകോട്ടിൽ | 20-12-18 | 3,60,000 | 40,000 |
| 9. | 214 | കുഞ്ഞുബീവി, W/O വീരാലി, വെട്ടിക്കല്ലടി | 20-12-18 | 2,60,000 | 1,40,000 |
| 10. | 219 | വസന്ത W/O ഹരിദാസൻ, പുത്തൂർ | 20-12-18 | 3,20,000 | 80,000 |
| 11. | 224 | സമീര, W/O മുഹമ്മദ് അലി | 20-12-18 | 2,60,000 | 1,40,000 |
| 12. | 283 | സുമതി, D/O വേലായുധൻ, പണ്ടാരത്തൊടി | 19-6-19 | 3,60,000 | 3,60,000 |
| 13. | 290 | സുകന്യ, W/O സുബ്രമണ്യൻ, പുഞ്ചക്കോട്ടിൽ | 19-6-19 | 40,000 | 3,60,000 |
| 14. | 303 | അഞ്ജു, W/O വിജീഷ്, മെഴുകുംപാറ | 19-6-19 | 40,000 | 3,60,000 |
| 15. | 313 | സൈനബ, W/O മമ്മു, കോൽപ്പാടം | 19-6-19 | 300000 | 100000 |
| 16. | 319 | സബിത.പി.കെ, D/O അബ്ദുസമദ്, തെങ്കര | 19-6-19 | 2,00,000 | 2,00,000 |
| 17. | 321 | സത്യഭാമ, W/O രാധാകൃഷ്ണൻ, മണലടി | 19-6-19 | 2,00,000 | 2,00,000 |
| 18. | 322 | ബുഷറ, W/O ഷൗക്കത്ത്, | 19-6-19 | 3,00,000 | 1,00,000 |

| | | | | | |
|---|---|---|---|---|---|
| | | പുഞ്ചക്കോട് | | | |
| 19. | 327 | വിജയ, D/O കുഞ്ഞുണ്ണി, പാറക്കൽ, മെഴുകുംപാര | 19-6-19 | 3,60,000 | 40,000 |
| 20. | 328 | കദീജ, W/O അബ്ദുറഹ്മാൻ, തത്തേങ്ങലം | 19-6-19 | 3,60,000 | 40,000 |
| 21. | 329 | ബുഷ്റ,W/O അൻസാർ, മണലടി | 19-6-19 | 3,60,000 | 40,000 |
| 22. | 334 | നബീസ. പി.കെ, W/O അബ്ദുൾ റഷീദ്, മുണ്ടക്കണ്ണി | 19-6-19 | 3,60,000 | 40,000 |
| 23. | 343 | ഷാജിത W/O അബൂബക്കർ സിദ്ദിഖ്, കൈതച്ചിറ | 6-5-19 | 3,60,000 | 40,000 |
| 24. | 350 | ബീന, W/O രവി, വെണ്ണത്തറ, കോൽപ്പാടം | 13-11-19 | 40,000 | 3,60,000 |
| 25. | 358 | അച്ചാമ്മ, W/O യോഹന്നാൻ, നാലുപറമ്പിൽ വീട്, ചേറുംകുളം | 19-6-19 | 3,60,000 | 40,000 |

സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് . മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10, 18-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.**

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് എസ് സി, ജനറൽ വിഭാഗങ്ങളിലായി 171/21(എസ് സി), 166/21(ജനറൽ) എന്നിങ്ങനെ 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൻ പ്രകാരം 2018, 2019 എന്നീ വർഷങ്ങളിൽ ആദ്യ ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു.

**1-19 അനുപൂരക പോഷകാഹാര വിതരണ പ്രോജക്റ്റുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല.**

പ്രൊജക്റ്റ് വിശദാംശങ്ങൾ

1.

| | |
|---|---|
| പ്രൊജക്റ്റ് നം | 38/21 |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം, ജനറൽ |
| അടങ്കൽ | **20,74,734**<br>10,74,734(പൊതുവിഭാഗം)+ 10,00,000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | **20,74,734**<br>10,74,734(പൊതുവിഭാഗം)+ 10,00,000(കേന്ദ്രാവിഷ്കൃതം) |

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 39/21 |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം, എസ് സി പി |
| അടങ്കൽ | **10,000,00/-**<br>7,00,000 (എസ് സി പി)+3,00,000(സി എഫ് സി) |
| ചെലവ് | **7,57,577/-** |

| | |
|---|---|
| | 7,00,000 (എസ് സി പി)+ 57,577(സി എഫ് സി) |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ ജി.എസ്.ടി കൗൺസിൽ തീരുമാനം നം-28, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ), എസ് സി പി എന്നീ പ്രോജക്റ്റുകൾ പ്രകാരം നക്ഷത്ര കുടുംബശ്രീ യൂണിറ്റ്, 19/453, നൊട്ടമല, വിയ്യക്കുറിശ്ശി, മണ്ണാർക്കാട് എന്ന സ്ഥാപനവുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12, 18-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് നടത്തി മാത്രം ബിൽ തുക അനുവദിക്കേണ്ടതുമാണ്.

## 1-20 KURDFC വായ്പ / വായ്പാതിരിച്ചടവ് വിവരങ്ങൾ കൃത്യമാക്കണം.

2020-21 സാമ്പത്തിക വർഷത്തെ ലൈഫ് ലോൺ തിരിച്ചടവ്, ബാക്കി നിൽക്കുന്ന വായ്പ തുക എന്നിവ സംബന്ധിച്ച് വാർഷികകണക്കിലെയും സ്ഥാപനത്തിൽ ലഭ്യമായ രേഖകളിലെയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.(വായ്പരജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ല.)

വായ്പാരേഖകൾ പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

Opening Liability Asper AFS : 68543434

RECEIVED In 2020-21 : 7040000

ആകെ : 75583434/-

AFSപ്രകാരം തിരിച്ചടവ്- 6384196/-

യഥാർത്ഥ തിരിച്ചടവ്- 6604196/-
AFSപ്രകാരം CB- 69,199,238/-
യഥാർത്ഥ CB- 68,979,238
തിരിച്ചടവ് കണക്കിലെടുക്കാത്ത തുക -2,20,000/-

വ്യത്യാസത്തിന്റെ വിശദാംശങ്ങൾ

1.സ്രോതസ്സിൽ കുറവ് ചെയ്ത തുക ------ 6424196

തിരിച്ചടച്ചതായി കണക്കിലെടുത്ത തുക 6384196 (കുറവ്- 40000)

2.ബീന പെണ്ണാത്ര എന്നഗുണഭോക്താവിന്റെ തുക KURDFCലേക്ക് തിരിച്ചടച്ചത്- 180000

തിരിച്ചടവ് കണക്കിലെടുക്കാത്ത ആകെ തുക 220000/-

വിവിധ ഇനങ്ങളിലായി ലോൺ തിരിച്ചടച്ച തുകകൾ കണക്കിലെടുക്കാതെ തിരിച്ചടക്കാനുള്ള വായ്പ തുക യിൽ 220000 രൂപ കൂടുതലായി കാണിച്ചതിനും ലോൺ രജിസ്റ്റർ കാലികമാക്കാതെ വാർഷികകണക്കുകൾ സമർപ്പിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 9/21 തി.17.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-21 തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല**

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51,21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽനിന്ന് ജിഎസ്സ്.റ്റി അടവാക്കിയിട്ടില്ല. അനന്തര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-22 ക്ഷീര വികസന പദ്ധതി -ഒരു വിഭാഗം കർഷകർക്ക് സബ്സിഡി അവസരം ലഭ്യമാകുന്നില്ല.**

2019-20, 2020-21 എന്നീ വർഷങ്ങളിലെ ഓഡിറ്റ് പരിശോധനാ വേളയിൽ ഗ്രാമ പഞ്ചായത്തിലെ നിവാസികളും പശുവളർത്തൽ മുഖ്യ തൊഴിലാക്കിയ എല്ലാ ക്ഷീര കർഷകർക്കും പാലുല്പ്പാദനത്തിന് സബ്സിഡി ലഭ്യമാകുന്നില്ല എന്ന് കണ്ടെത്തി. ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും പാൽ അളക്കാത്തതുമായ കർഷകർക്ക് ഉല്പ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ടി വിവരം ഓഡിറ്റിനെ അറിയിക്കുവാൻ 16-6-2022ന് നല്കിയ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഗുണഭോക്താക്കളുടെ അപേക്ഷകൾ, പ്രാഥമിക അർഹതാ നിർണ്ണയപരിശോധനാ വിവരങ്ങൾ ഒന്നുംതന്നെ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. വിശദമായ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് അപേക്ഷകൾ ക്ഷണിക്കാതെ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുന്നവരുടെ ലിസ്റ്റ് എടുക്കുകയും ആയത് ഗ്രാമസഭകളിൽ വച്ച് അംഗീകാരം വാങ്ങി പ്രോജക്റ്റ് നടപ്പിലാക്കുന്ന രീതിയാണ് അവലംബിച്ച് വരുന്നതെന്ന് കണ്ടെത്തി. ആയത് ക്രമപ്രകാരമല്ല ഇപ്രകാരം സബ്സിഡി വിതരണ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കാത്ത ഒരു ചെറുകിട കർഷകന് സബ്സിഡി ലഭ്യമല്ലാതെ വരുന്നു എന്ന് മാത്രമല്ല അർഹതാനിർണ്ണയം പരിശോധിക്കപ്പെടുന്നതുമില്ല. സബ്സിഡി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയിൽ ഇപ്രകാരമുള്ളവർക്ക് വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം പ്രകാരം സബ്സിഡിക്ക് അപേക്ഷിക്കാമെന്ന് നിഷ്ക്കർഷിക്കുന്നു. എന്നാൽ ഈ ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ഈ അവസരം ലഭ്യമാകുന്നില്ല.

**1-23 രേഖകൾ ഹാജരാക്കിയില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു.**

2020-21സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ കുമ്പാരംകുന്ന് റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ ഫൈനൽബിൽ 1/20-21 Rs.300000/-തീയ്യതി.21.4.2020 ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചെലവുതുക തടസ്സപ്പെടുത്തുന്നു. 18-6-2022ന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 16-6-22 മുതൽ 20-6-22വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Joint Venture-Block Share | 582469 | 4287141 | 4863610 | 2855481 | 2014129 |
| ജില്ലാ പഞ്ചായത്ത് | 2109514 | 4639832 | 6749346 | 360425 | 6388921 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പ്രൊ.നം 228/21 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ട്രഷറി ബിൽ നം 24/19.9.21 | 652017 | - | 652017 |

മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് സഹിതം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2020-21 സാമ്പത്തിക വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7040000രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. രജിസ്റ്റർ പൂർത്തിയാക്കാത്തതിനാൽ വിനിയോഗ/നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Loan- ലൈഫ് പദ്ധതി | - | 7040000 | 68543434 | 6384196 | - | 69199238 |

| | | | | | | |
|---|---|---|---|---|---|---|
| EMS ഭവന പദ്ധതി വായ്പ | | 0 | 664173 | 664173 (25.9.20) | - | മുതൽ-0 2591846 (പലിശ) |

KURDFCloan ഇനത്തിൽAFSപ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 69199238/-രൂപ എന്നത് വായ്പയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭ്യമായ രേഖകളിലെ വിവരങ്ങളുമായിപൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഖ.1-11 ൽ ചേർത്തിട്ടുണ്ട്.

**4-6 സ്ഥിര നിക്ഷേപം**

ഒന്നുമില്ല

**4-7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 500രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2018-19 | 1(20) | 500 | 1200103418/ 26.03.21 | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഒന്നും അവശേഷിക്കുന്നില്ല.

**4-9 ചാർജ്ജ് സർച്ചാർജ്ജ്**

ഈ വർഷം ചാർജ് സർച്ചാർജ് നടപടികളിലൂടെ തുകകൾ ഒന്നും ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹11,86,17,498 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹10,84,36,280 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഒന്നുമില്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഒന്നുമില്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹3,00,000/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | ₹3,00,000/- | അസി.എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഒന്നുമില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ബാക്കിയുള്ള പരാമർശങ്ങളുടെ എണ്ണം |
|---|---|---|
| | | |
| 2005-06 | എൽ.എഫ്.പി.9/1419/08 തിയതി 18-08-05 | 3 |
| 2006-07 | എൽ.എഫ്.പി.9/217/11 തിയതി 18-03-10 | 2 |
| 2007-08 | എൽ.എഫ്.പി.9/923/10 തിയതി 25-09-2010 | 2 |
| 2008-09 | എൽ.എഫ്.പി.9/1572/12 തിയതി 25-06-13 | 12 |
| 2009-10 | എൽ.എഫ്.പി.9/1572/12 തിയതി 25-06-13 | |
| 2010-11 | എൽ.എഫ്.പി.9/1572/12 തിയതി 25-06-13 | |
| 2011-12 | എൽ.എഫ്.പി.9/307/14 തിയതി 18-03-14 | 8 |
| 2012-13 | എൽ.എഫ്.പി.22-836/15 തിയതി 6-10-15 | 3 |
| 2013-14 &2014-15 | കെ.എസ്.എ. പി. കെ.ഡി. 9/ 1227/16 തീയ്യതി 2-8-2016 | 23 |
| 2015-16 | കെ എസ് എ.പി കെ ഡി-9 /2300/16 തിയ്യതി 30.12.16 | 10 |
| 2016-17 | കെ എസ് എ.പികെഡി-9/ 1714/17/ തിയ്യതി 1.11.17 | 8 |
| 2017-18 | കെ എസ് എ. പികെഡി9/ 310/19/ തിയ്യതി 12.03.19 | 38 |
| 2018-19 | കെ എസ് എ. പികെഡി9/ 310/19/ തിയ്യതി 12.03.19 | 10 |
| 2019-20 | കെ എസ് എ. പികെഡി9/ 1451/22/ തിയ്യതി 06.07.2022 | |

അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്